പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1756 26-10-2026-ൽ മറുപടിയ്ക്ക്

എറണാകുളം ജില്ലയിലെ എൽ.ഡി.വി. ഡ്രൈവർ-കം-ഒ.എ. റാങ്ക് ലിസ്റ്റ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) എറണാകുളം ജില്ലയിലെ എൽ.ഡി.വി.ഡ്രൈവർ-കം-ഒ.എ. റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ: 019/2021) ന്റെ കാലാവധി സെപ്റ്റംബർ 23-ന് അവസാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ഇതേ തസ്തികയിലെ റാങ്ക് ലിസ്റ്റ് ദീർഘിപ്പിച്ചു നൽകിയ സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ റാങ്ക് ലിസ്റ്റ് കൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജ്യർ റൂൾ 13-ലെ 5-ാം പ്രൊവിസോയിലെ വ്യവസ്ഥകൾ പ്രകാരമാണ് റാങ്ക് പട്ടികകളുടെ കാലാവധി നീട്ടുന്നത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും തടസ്സമുണ്ടാകുന്ന പ്രത്യേക സാഹചര്യത്തിൽ പൊതുവായി, അപ്പോൾ പ്രാബല്യത്തിലുള്ളതും നിശ്ചിതകാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളെല്ലാം ഒരു പ്രത്യേക തീയതി വരെ സജീവമായി നിലനിർത്തണമെന്ന് സർക്കാർ ഒരു നയപരമായ തീരുമാനമെടുത്തതിനു ശേഷം കമ്മീഷനോട് ശിപാർശ ചെയ്യുകയും, അത് പരിശോധിച്ചതിനുശേഷം കാലാവധി നീട്ടുന്നത് സംബന്ധിച്ച തീരുമാനം പി.എസ്.സി കൈക്കൊള്ളുകയുമാണ് ചെയ്യുന്നത്. നിശ്ചിത കാലയളവുകളുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി ന്യായമായ കാരണങ്ങളില്ലാതെ നീട്ടുന്നത് പുതുതായി പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളെ സാരമായി ബാധിക്കുന്നതാണ്. എറണാകുളം ജില്ലയിലെ റാങ്ക് ലിസ്റ്റ് കാലാവധി ദീർഘിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(സി) ജില്ലയിൽ വാഹനങ്ങൾ കണ്ടംനേഷൻ ചെയ്തതായി ചൂണ്ടിക്കാണിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇവർക്ക് ഒ.എ. കാറ്റഗറിയിൽ നിയമനം നടത്തുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: നിലവിലുള്ള ഒഴിവുകൾ വാഹനത്തിന്റെ ലഭ്യതയനുസരിച്ച് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പ് മേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 19.11.2015 ലെ **സ.ഉ(എം.എസ്) നം. 29/2015/ഉ.ഭ.പ.വ** നമ്പർ ഉത്തരവ് പ്രകാരം, (അനുബന്ധം) ഡ്രൈവർ

തസ്തികയിലുള്ളവർ ഡ്രൈവർ ജോലിയിൽ ഏർപ്പെടാതിരിക്കുന്ന സമയങ്ങളിൽ ഓഫീസ് കാര്യങ്ങൾ കൂടി നിർവഹിക്കുന്നതിലേക്കാണ് ടി തസ്തിക ഡ്രൈവർ കം ഒ.എ എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളത്. ആയതിനാൽ, ഡ്രൈവർ കം ഒ.എ റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഓഫീസ് അറ്റന്റന്റ് തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുവാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—പബ്ലിക് സർവ്വീസസ്—ജീവനക്കാര്യം 'ഡ്രൈവർ' തസ്തിക, 'ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ്' എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

സ. ഉ. (എംഎസ്.) നമ്പർ 29/2015/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2015 നവംബർ 19.*

പരാമർശം:—1. ജി. ഒ. (പി) നമ്പർ 120/73/പി.ഡി. തീയതി 30-4-1973.

2. ജി. ഒ. (പി) നമ്പർ 23/2003/പി. & എ ആർ. ഡി. തീയതി 14-8-2003.

3. W.A. No. 505/11-മേലുള്ള ബഹു. ഹൈക്കോടതിയുടെ 26-6-2012-ലെ വിധിന്യായം.

4. ജി. ഒ. (എംഎസ്.) നമ്പർ 72/2013/ജി.എ. ഡി. തീയതി 14-3-2013.

5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 11-3-2014-ലെ AV(1) 13201/2013/G.W. നമ്പർ കത്ത്.

ഉത്തരവ്

പരാമർശം ഒന്നിലെയും, രണ്ടിലെയും ഉത്തരവുകൾ പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലേക്കുള്ള ഡ്രൈവർമാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. സർക്കാർ വാഹനങ്ങളിലെ ഡ്രൈവർമാരുടെ ഡ്രൈവിംഗ് വഴിയുള്ള സേവനം വളരെക്കുറച്ച് സമയം മാത്രമേ ആവശ്യമായിവരുന്നുള്ളുവെന്നും, ബാക്കി ഓഫീസ് സമയം അവർ നിഷ്ക്രിയമായി തുടരുകയാണെന്നും പരാമർശം മൂന്നിലെ വിധിന്യായത്തിൽ ബഹു. കേരള ഹൈക്കോടതി നിരീക്ഷിച്ചു. ടി വിധിന്യായത്തിന്റെ 3-ാം ഖണ്ഡികയിലെ ബഹു. ഹൈക്കോടതിയുടെ നിരീക്ഷണം താഴെപ്പറയും പ്രകാരമാണ്:

".....In our view, it is high time Government should consider the requirement of Drivers in every office to drive light vehicles because vehicles are given for use by officers, they could be made to drive, more so when modern vehicles provide better comforts in the Driver seat and in the other front seat. Most of the Drivers are effectively employed only for half an hour to one hour a day and all the remaining time they will be sitting idle. Therefore, there will be nothing wrong in combining the post of Driver with that of peon so that unnecessary expenditure in retaining two posts could be avoided....."

3. ബഹു: ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും, സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്തു. ടി ശുപാർശ പരിഗണിച്ച് സർക്കാർ പരാമർശം 4-ലെ ഉത്തരവ് പ്രകാരം "ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ്" എന്ന ഒരു പുതിയ കാറ്റഗറി സൃഷ്ടിക്കുകയും, ഭാവിയിൽ ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം ടി കാറ്റഗറിയിലേക്കായിരിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ടി തസ്തികയുടെ യോഗ്യത പ്രത്യേകം നിഷ്കർഷിക്കുന്നതാണെന്ന് ടി ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു.

4. മേൽപ്പറഞ്ഞ തസ്തികയുടെ യോഗ്യത സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ടി പരിശോധനയിൽ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് മാത്രമായി പ്രത്യേകം സ്പെഷ്യൽ റൂൾ രൂപീകരിക്കേണ്ടതില്ല എന്ന് സർക്കാർ കാണുന്നു. നിലവിലെ സ്പെഷ്യൽ റൂൾസിലെ തസ്തികകളായ

(i) ഡ്രൈവർ (Medium/Heavy Passenger/Goods vehicle),

(ii) ഡ്രൈവർ (Light Motor vehicles) ഇവ രണ്ടും യഥാക്രമം (i) ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (Medium/Heavy Passenger/ Goods vehicle), (ii) ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (Light Motor vehicles) എന്നാക്കി മാറ്റി നിലവിലെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

5. ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ യോഗ്യതകൾ നിശ്ചയച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കാൻ പരാമർശം (5) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ സൃഷ്ടിക്കപ്പെടുന്ന ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്താൻ കഴിയാത്ത സാഹചര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യവും വിശദമായി പരിശോധിച്ചു. ഡ്രൈവർ തസ്തികയുടെ സ്പെഷ്യൽ റൂളിൽ ഭേദഗതി നിലവിൽവരുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ നിലവിലെ സ്പെഷ്യൽ റൂൾസിലെ തസ്തികകളായ (i) ഡ്രൈവർ (Medium/Heavy Passenger/Goods vehicle), (ii) ഡ്രൈവർ (Light Motor vehicles) ഇവ രണ്ടും യഥാക്രമം (i) ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (Medium/Heavy Passenger/Goods vehicle), (ii) ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (Light Motor vehicles) എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ യോഗ്യത, നിയമനരീതി മുതലായവ ഡ്രൈവർ തസ്തികയുടെ നിലവിലെ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമായിരിക്കും. ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ള ഉദ്യോഗസ്ഥർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിക്ഷിപ്തമായ ചുമതലകൾകൂടി നിർവഹിക്കാൻ ബാദ്ധ്യസ്ഥരായിരിക്കുമെന്നും എന്നാൽ നിലവിലെ ശമ്പളസ്കെയിൽ, മറ്റ് അലവൻസുകൾ എന്നിവയിൽ മാറ്റമൊന്നും ഉണ്ടായിരിക്കുന്നതല്ലെന്നും കൂടി ഇതിനാൽ ഉത്തരവാകുന്നു.

8. ഈ ഉത്തരവ് തീയതിക്കുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് മാത്രമേ ഈ ഉത്തരവ് ബാധകമായിരിക്കുകയുള്ളൂ. ഡ്രൈവർ തസ്തികയുടെ സ്പെഷ്യൽ റൂളിൽ തദനുസൃതമായ ഭേദഗതികൾ വരുത്തി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. അജയകുമാർ,
സെക്രട്ടറി.

എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും/ ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറി മാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

ആസൂത്രണ സാമ്പത്തിക കാര്യ (ബി. പി. ഇ.) വകുപ്പ് (പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതിന്).

ധനകാര്യ വകുപ്പ് [U.O.(R) 50479/PRC-B2/15/ധന. തീയതി 3-10-2015).

പൊതുഭരണ (സർവ്വീസസ്-സി) വകുപ്പ്.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-എ,ബി,സി) വകുപ്പുകൾ.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.